**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4312** **06-03-2023 - ൽ മറുപടിയ്ക്ക്**

**ചെറുകിട കച്ചവടക്കാർക്ക് വിറ്റഴിക്കാൻ കഴിയാതെ വരുന്ന ലോട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട കച്ചവടക്കാർക്ക് വിറ്റഴിക്കാൻ കഴിയാതെ വരുന്ന ലോട്ടറിയുടെ പണം തിരികെ ലഭിക്കാത്തതിനാൽ വലിയ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏജന്റുമാർക്കാണ് ഓഫീസുകളിൽ നിന്നും ടിക്കറ്റുകൾ അനുവദിക്കുന്നത്. ഒരു ഏജന്റ് നിശ്ചിത എണ്ണം ടിക്കറ്റുകൾ വാങ്ങണമെന്ന് നിബന്ധനയില്ല. ഭാഗ്യക്കുറി ഏജന്റുമാർ അവർക്ക് വിൽക്കാൻ സാധിക്കുന്ന അത്രയും ടിക്കറ്റുകൾ മാത്രം ഓഫീസിൽ നിന്നും വാങ്ങിയാൽ മതിയാകും. |
| (ബി) | ഹോൾസെയിൽ കം റീടെയ്ൽ ഷോപ്പുകൾ നടത്തുന്ന വൻകിട ഏജന്റുമാർ വൻതോതിൽ ലോട്ടറി ടിക്കറ്റ് എടുക്കുകയും ആയത് ചെറുകിട കച്ചവടക്കാർക്ക് ലാഭം ഈടാക്കി വിൽക്കുകയും ചെയ്യുന്നതിനാൽ ടിക്കറ്റ് വിറ്റഴിക്കാത്തതിന്റെ ബാധ്യത വൻകിട ഏജന്റുമാരെ സാരമായി ബാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഭാഗ്യക്കുറി ഓഫീസിൽ നിന്നും ഏജന്റുമാർക്ക് അവരെടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 3 വ്യത്യസ്ത സ്ലാബുകളിലായാണ് ടിക്കറ്റുകൾ വിതരണം ചെയ്ത് വരുന്നത്. ഏജന്റുമാർ അവർക്ക് വിൽക്കാൻ സാധിക്കുന്ന ആവശ്യമുള്ള അത്രയും ടിക്കറ്റുകൾ മാത്രം ഓഫീസിൽ നിന്നും വാങ്ങിയാൽ മതിയാകും. |
| (സി) | ആയതിനാൽ ലോട്ടറി കച്ചവടം നടത്തുന്ന ചെറുകിട കച്ചവടക്കാർക്ക് ലോട്ടറി വിറ്റഴിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ആയത് തിരിച്ചെടുത്തിട്ട് പകരം അടുത്ത ദിവസത്തെ ലോട്ടറി നൽകുവാൻ സാധിക്കുന്ന രീതിയിൽ ലോട്ടറി വിതരണ സംവിധാനം പരിഷ്കരിക്കുമോ; വിശദാംശം നൽകുമോ? | (സി) | 2005 ലെ കേരള പേപ്പർ ലോട്ടറി റെഗുലേഷൻ റൂൾ 7(2) പ്രകാരം വിറ്റഴിക്കപ്പെട്ട ടിക്കറ്റുകൾ തിരിച്ചെടുക്കാൻ സാധ്യമല്ല. ആയതിനാൽ നിലവിലെ നിയമവ്യവസ്ഥയ്ക്ക് വിധേയമായി അപ്രകാരം വിതരണ സംവിധാനം പരിഷ്കരിക്കാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ